**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2305** **16-03-2022 - ൽ മറുപടിയ്ക്ക്**

**റീബിൽഡ് കേരള ഇനിഷ്യേറ്റീവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | null<br>(മുഖ്യമന്ത്രി) | |
| (എ) | റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി എന്നുമുതലാണ് നിലവിൽ വന്നതെന്ന് വ്യക്തമാക്കുമോ; | (എ) | 09/11/2018 ലെ സ.ഉ.(അ) നം. 16/2018/ ആസാവ ഉത്തരവു പ്രകാരമാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ (ആർ.കെ.ഐ.) ഘടനയും പ്രവർത്തനപദ്ധതിയും നിലവിൽവന്നത്. (ഉത്തരവിന്റെ വിശദാംശങ്ങൾ അനുബന്ധത്തിൽ). റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയുടെ ഭാഗമായി ഇതുവരെ 7942.6 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ ഹ്രസ്വകാല, ദീർഘകാല പദ്ധതികളുണ്ട്. ഇവയിൽ പല പദ്ധതികളും ഇതിനകം പൂർത്തിയായിട്ടുണ്ട്. മറ്റുള്ളവ നിർവഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. 5476.31 കോടി രൂപയുടെ പദ്ധതികൾ ടെൻഡർ ചെയ്തിട്ടുണ്ട്. പദ്ധതികൾക്കായി ഇതിനകം 1004.46 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ആർ.കെ.ഐ. ഏറ്റെടുക്കുന്ന പദ്ധതികൾ അതാതിന്റെ സമയക്രമം അനുസരിച്ച് പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയുടെ ഭാഗമായി ആകെ എത്ര രൂപയുടെ എത്ര പ്രവൃത്തികൾക്കാണ് നാളിതുവരെ ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ; | (ബി) | 09/11/2018 ലെ സ.ഉ.(അ) നം. 16/2018/ ആസാവ ഉത്തരവു പ്രകാരമാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ (ആർ.കെ.ഐ.) ഘടനയും പ്രവർത്തനപദ്ധതിയും നിലവിൽവന്നത്. (ഉത്തരവിന്റെ വിശദാംശങ്ങൾ അനുബന്ധത്തിൽ). റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയുടെ ഭാഗമായി ഇതുവരെ 7942.6 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ ഹ്രസ്വകാല, ദീർഘകാല പദ്ധതികളുണ്ട്. ഇവയിൽ പല പദ്ധതികളും ഇതിനകം പൂർത്തിയായിട്ടുണ്ട്. മറ്റുള്ളവ നിർവഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. 5476.31 കോടി രൂപയുടെ പദ്ധതികൾ ടെൻഡർ ചെയ്തിട്ടുണ്ട്. പദ്ധതികൾക്കായി ഇതിനകം 1004.46 കോടി |

| | | | |
|---|---|---|---|
| | | | രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ആർ.കെ.ഐ. ഏറ്റെടുക്കുന്ന പദ്ധതികൾ അതാതിന്റെ സമയക്രമം അനുസരിച്ച് പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | എത്ര രൂപയുടെ പ്രവൃത്തികളാണ് ഇതിനോടകം പൂർത്തിയാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | (സി) | 09/11/2018 ലെ സ.ഉ.(അ) നം. 16/2018/ ആസാവ ഉത്തരവു പ്രകാരമാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ (ആർ.കെ.ഐ.) ഘടനയും പ്രവർത്തനപദ്ധതിയും നിലവിൽവന്നത്. (ഉത്തരവിന്റെ വിശദാംശങ്ങൾ അനുബന്ധത്തിൽ). റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയുടെ ഭാഗമായി ഇതുവരെ 7942.6 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ ഹ്രസ്വകാല, ദീർഘകാല പദ്ധതികളുണ്ട്. ഇവയിൽ പല പദ്ധതികളും ഇതിനകം പൂർത്തിയായിട്ടുണ്ട്. മറ്റുള്ളവ നിർവഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. 5476.31 കോടി രൂപയുടെ പദ്ധതികൾ ടെൻഡർ ചെയ്തിട്ടുണ്ട്. പദ്ധതികൾക്കായി ഇതിനകം 1004.46 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ആർ.കെ.ഐ. ഏറ്റെടുക്കുന്ന പദ്ധതികൾ അതാതിന്റെ സമയക്രമം അനുസരിച്ച് പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | പൂർത്തിയാക്കാൻ ബാക്കിയുള്ള പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കുമോ; | (ഡി) | 09/11/2018 ലെ സ.ഉ.(അ) നം. 16/2018/ ആസാവ ഉത്തരവു പ്രകാരമാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ (ആർ.കെ.ഐ.) ഘടനയും പ്രവർത്തനപദ്ധതിയും നിലവിൽവന്നത്. (ഉത്തരവിന്റെ വിശദാംശങ്ങൾ അനുബന്ധത്തിൽ). റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയുടെ ഭാഗമായി ഇതുവരെ 7942.6 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ ഹ്രസ്വകാല, ദീർഘകാല പദ്ധതികളുണ്ട്. ഇവയിൽ പല പദ്ധതികളും ഇതിനകം പൂർത്തിയായിട്ടുണ്ട്. മറ്റുള്ളവ നിർവഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. 5476.31 കോടി രൂപയുടെ പദ്ധതികൾ ടെൻഡർ ചെയ്തിട്ടുണ്ട്. പദ്ധതികൾക്കായി ഇതിനകം 1004.46 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ആർ.കെ.ഐ. ഏറ്റെടുക്കുന്ന പദ്ധതികൾ അതാതിന്റെ സമയക്രമം അനുസരിച്ച് പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഇ) | പ്രസ്തുത പദ്ധതിയുടെ കീഴിൽ പ്രവൃത്തികൾ | (ഇ) | കേരളപുനർനിർമാണ പദ്ധതിയിൽ വിഭാവനം |

| | | | |
|---|---|---|---|
| | ഏറ്റെടുക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | | ചെയ്യുന്ന പദ്ധതികൾക്കാണ് ആർ.കെ.ഐ. ഊന്നൽ നൽകുന്നത്. ജനങ്ങൾക്ക് മെച്ചപ്പെട്ട ജീവിത നിലവാരം ഉറപ്പാക്കുക, കൂടുതൽ അതിജീവനക്ഷമമായതും ഭാവിയിലുണ്ടാകാനിടയുള്ള ദുരന്തങ്ങൾ അതിജീവിക്കുന്ന വിധത്തിലുള്ള സാങ്കേതിക വിദ്യകളിലൂന്നിയും പാരിസ്ഥിതിക സൗഹാർദ്ദ മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ടും സമയബന്ധിതമായി പുനർനിർമ്മിക്കുകയോ പുനരുദ്ധരിക്കുകയോ ചെയ്യുക എന്ന വിശാലമായ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് കേരള പുനർനിർമ്മാണ പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുള്ളത്. ഇതിന്റെ അന്തസത്ത ഉൾക്കൊള്ളുന്ന പദ്ധതികളാണ് ആർ.കെ.ഐ. ഏറ്റെടുക്കുന്നത്. പദ്ധതികൾ അംഗീകരിക്കുന്നതിനുള്ള പ്രോജക്ട് അപ്രൈസൽ മാർഗരേഖയ്ക്ക് ആർ.കെ.ഐ. രൂപം നൽകിയിട്ടുണ്ട്. ഇത്തരത്തിലുള്ള പദ്ധതികൾക്ക് ഫണ്ടിന്റെ ലഭ്യത കൂടി പരിഗണിച്ചാണ് അനുമതി നൽകുന്നത്. |
| (എഫ്) | പദ്ധതിയുടെ കീഴിൽ പുതിയ പ്രവൃത്തികൾ ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിൽ ഉണ്ടോ; എങ്കിൽ എത്ര രൂപയാണ് ഇതിനായി നീക്കിവച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ? | (എഫ്) | കേരളപുനർനിർമാണ പദ്ധതിയിൽ വിഭാവനം ചെയ്യുന്ന പദ്ധതികൾക്കാണ് ആർ.കെ.ഐ. ഊന്നൽ നൽകുന്നത്. ജനങ്ങൾക്ക് മെച്ചപ്പെട്ട ജീവിത നിലവാരം ഉറപ്പാക്കുക, കൂടുതൽ അതിജീവനക്ഷമമായതും ഭാവിയിലുണ്ടാകാനിടയുള്ള ദുരന്തങ്ങൾ അതിജീവിക്കുന്ന വിധത്തിലുള്ള സാങ്കേതിക വിദ്യകളിലൂന്നിയും പാരിസ്ഥിതിക സൗഹാർദ്ദ മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ടും സമയബന്ധിതമായി പുനർനിർമ്മിക്കുകയോ പുനരുദ്ധരിക്കുകയോ ചെയ്യുക എന്ന വിശാലമായ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് കേരള പുനർനിർമ്മാണ പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുള്ളത്. ഇതിന്റെ അന്തസത്ത ഉൾക്കൊള്ളുന്ന പദ്ധതികളാണ് ആർ.കെ.ഐ. ഏറ്റെടുക്കുന്നത്. പദ്ധതികൾ അംഗീകരിക്കുന്നതിനുള്ള പ്രോജക്ട് അപ്രൈസൽ മാർഗരേഖയ്ക്ക് ആർ.കെ.ഐ. രൂപം നൽകിയിട്ടുണ്ട്. ഇത്തരത്തിലുള്ള പദ്ധതികൾക്ക് ഫണ്ടിന്റെ ലഭ്യത കൂടി പരിഗണിച്ചാണ് അനുമതി നൽകുന്നത്. |

സെക്ഷൻ ഓഫീസർ